(സി) ഇല്ല.

(ഡി) പരിഗണനയിലില്ല.

(ഇ) ഉണ്ട്. അന്വേഷണം നടത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(എഫ്) പരിശോധിച്ചുവരുന്നു.

വനം വന്യജീവി മേഖലയിൽ വകയിരുത്തിയ 152 കോടി രൂപ

203 (4538) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2015-16 -ലെ ബഡ്ജറ്റ് പ്രസംഗത്തിലെ 86-ാം ഇനമായി വനം-വന്യജീവി മേഖലയിൽ വിവിധ പദ്ധതികൾക്കായി വകയിരുത്തിയിട്ടുള്ള 152 കോടി രൂപ വിനിയോഗിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് രൂപപ്പെടുത്തിയിട്ടുള്ളത് ; വിശദവിവരം നൽകുമോ ?

ഉത്തരം

2015-16-ലെ ബഡ്ജറ്റ് പ്രസംഗത്തിലെ 86-ാം ഇനമായി വനം-വന്യജീവി മേഖലയിൽ വിവിധ പദ്ധതികൾക്കായി വകയിരുത്തിയിട്ടുള്ള 152 കോടി രൂപ വിനിയോഗിക്കുന്നതിന് രൂപപ്പെടുത്തിയിട്ടുള്ള വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

വന്യമൃഗശല്യം

204 (4539) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പുതുക്കാട് മണ്ഡലത്തിൽ വന്യമൃഗ ശല്യം കുറയ്ക്കുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

വന്യമൃഗശല്യം കുറയ്ക്കുന്നതിനായി പുതുക്കാട് മണ്ഡലത്തിൽ ഉൾപ്പെട്ട ശാസ്താംപൂവ്വം ടൈബൽ കോളനിയിൽ 2 കിലോമീറ്റർ ദൂരം സോളാർ ഫെൻസിംഗും, 2014 കാരിക്കടവ് തേക്കുതോട്ടത്തിനു ചുറ്റും 4 കിലോമീറ്റർ ദൂരം സോളാർ ഫെൻസിംഗും ചക്കിപ്പറമ്പ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കോളനിയിൽ ബാർബ്ഡ് വയർ ഫെൻസിംഗും, വെള്ളിക്കുളങ്ങര സാൻഡൽ ഏരിയായിൽ ചെയിൻലിങ്ക് ഫെൻസിംഗും നടത്തിയിട്ടുണ്ട്. അതോടൊപ്പം വനത്തിനു സമീപത്തുള്ള ജനവാസ കേന്ദ്രങ്ങളിൽ വന്യമൃഗശല്യം ലഘൂകരിക്കുന്നതിനായി വനം വകുപ്പുദ്യോഗസ്ഥർ നിരന്തരമായി പട്രോളിംഗും, നിരീക്ഷണവും നടത്തിവരുന്നു. കൂടാതെ വന്യമൃഗങ്ങളുടെ ആക്രമണത്തിനിരയായവർക്ക് നിലവിലെ സർക്കാർ ഉത്തരവ് പ്രകാരം അർഹമായ നഷ്ടപരിഹാരം നൽകിവരുന്നുണ്ട്.

വന്യജീവികളുടെ ആക്രമണം

205 (4540) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വന്യജീവികളുടെ ആക്രമണത്തിനിരയായി ധനസഹായം ലഭിച്ചവരുടെ പേരു വിശദമാക്കുമോ ;

(ബി) മനുഷ്യരെ ആക്രമിക്കുന്ന ഏതൊക്കെ വന്യജീവികളെ കൊല്ലാനാണ് അനുവാദം നൽകിയിരിക്കുന്നത് ;

(സി) കർഷകരെ വന്യമൃഗ ആക്രമണത്തിൽ നിന്നും രക്ഷിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിവരിക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) മനുഷ്യജീവനു ഭീഷണിയാകുന്നപക്ഷം കടുവ, പുലി, ആന, കാട്ടുപോത്ത് തുടങ്ങി ഏതു വന്യജീവിയേയും കൊല്ലുന്നതിന്, 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിലെ സെക്ഷൻ 11(1) പ്രകാരം, ചീഫ് വൈൽഡ് ലൈഫ് വാർഡന് അനുവാദം നൽകാവുന്നതാണ്.

(സി) കേരളത്തിലെ മലയോര പ്രദേശങ്ങളിലെ ജനവാസ കേന്ദ്രങ്ങളിൽ അനുഭവപ്പെട്ടുവരുന്ന വന്യമൃഗശല്യംമൂലമുള്ള കൃഷിനാശം കുറയ്ക്കുന്നതിനായി വനം വകുപ്പ് കാലാകാലങ്ങളിലായി നടപ്പിലാക്കിവരുന്ന വിവിധ പ്രതിരോധ പ്രവർത്തനങ്ങളായ സൗരോർജ്ജ കമ്പിവേലി, ആന പ്രതിരോധ കിടങ്ങ്, കരിങ്കൽഭിത്തി എന്നിവയുടെ നിർമ്മാണം, നാട്ടിലിറങ്ങുന്ന വന്യമൃഗങ്ങളെ കാട്ടിലേക്ക് തിരിച്ചയയ്ക്കുവാനായി ദ്രുത പ്രതികരണ സംഘങ്ങളുടെ പ്രവർത്തനം എന്നിവയ്ക്കു പുറമെ നടപ്പു സാമ്പത്തിക വർഷം വിഭാവനം ചെയ്തിട്ടുള്ള രണ്ടു പ്രത്യേക പദ്ധതികളും, 2014-2016 വർഷങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly